പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

22.03.2018 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4726

## കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

<u>ചോദ്യം</u>

ശ്രീ. എം. സ്വരാജ്

<u>മറുപടി</u>

ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ ;

(എ) : ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ക്ലിനിക്ക് എന്നിവയിൽ കാർഷികാധിഷ്ഠിത വ്യവസായ മേഖലയ്ക്ക് മുൻഗണന നൽകുന്നു. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിന്റെ ഭാഗമായി പാക്കേജിങ്, ബ്രാന്റിങ് തുടങ്ങിയ രംഗങ്ങളിൽ നൂതനമായ അറിവ് പകർന്ന് നൽകുന്നതിന് ബന്ധപ്പെട്ട വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, ഡമോൺസ്ട്രേഷനുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്. ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെയും, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡിന്റെയും നടപടിക്രമങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നൽകുന്നുണ്ട്. കേരളത്തിന്റെ തനത് കാർഷിക ഉത്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ കാർഷിക സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നടത്തുന്ന വ്യാവസായിക പ്രദർശന വിപണന മേള - "കേരള അഗ്രോ ഫുഡ് പ്രോ 2017" കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. "കേരള അഗ്രോ ഫുഡ് പ്രോ 2018" തൃശ്ശൂരിൽ വച്ചും സംഘടിപ്പിച്ചു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉത്പന്നങ്ങളുടെ പ്രദർശനവും

വിൽപ്പനയും നടത്താനും അവർക്കാവശ്യമായ യന്ത്രസാമഗ്രികൾ പരിചയപ്പെടുത്താനും ഈ മേളയിലൂടെ കഴിഞ്ഞു. ഈ മേഖലയിലെ സംരംഭകർക്ക് ആധുനിക സാങ്കേതിക വിദ്യയെ കുറിച്ച് അറിവ് നൽകുന്നതിന് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങളെ കൂടി മേളയിൽ പങ്കെടുപ്പിക്കുകയുമുണ്ടായി.

(ബി) ഈ മേഖലയിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചു എന്ന് അറിയിക്കുമോ ; ഇവയുടെ വിശദാംശം അറിയിക്കുമോ ?

(ബി) : വ്യവസായ ജാലകം സർവ്വേ റിപ്പോർട്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 1058 കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 59, കൊല്ലം - 68, പത്തനംതിട്ട - 47, ആലപ്പുഴ - 48, കോട്ടയം - 37, ഇടുക്കി - 92, എറണാകുളം - 84, തൃശ്ശൂർ - 64, പാലക്കാട് - 72, മലപ്പുറം - 195, കോഴിക്കോട് - 190, വയനാട് - 58, കണ്ണൂർ - 19, കാസർഗോഡ് - 25.

സെക്ഷൻ ഓഫീസർ.